## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ .3689

17/10/2011 .ൽ മറുപടിയ്ക്ക്

### ജലവിഭവ വകുപ്പിനുകീഴിൽ എറണാകുളം നിയോജകമണ്ഡലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ | ശ്രീ. പി .ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജലവിഭവ വകുപ്പിന്റെ വിവിധ വിഭാഗങ്ങൾക്കുകീഴിൽ എറണാകുളം നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമാണ്; | എ) **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും കീഴിൽ** എറണാകുളം നിയോജകമണ്ഡലത്തിലെ കൃഷിയിടങ്ങളിലും, ജലസ്രോതസ്സുകളിലും ഓരുവെള്ളം കയറാതെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ബണ്ടുകൾ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടന്നു വരുന്നു. ഇതു കൂടാതെ നബാർഡ് ആർ.ഐ.ഡി.എഫ് - XVI - ന്റെ സാമ്പത്തിക സഹായത്തോടെ 3400 മീറ്റർ നീളത്തിൽ തീരസംരക്ഷണ പ്രവൃത്തികളും, കുമ്പളം പഞ്ചായത്തിൽ 31.45 ലക്ഷം തുക വരുന്ന പ്രവൃത്തികളും 113.40 ലക്ഷം അടങ്കൽ തുക വരുന്ന ചങ്ങാടം ലാൻഡിങ്ങിന്റെ ആറു പ്രവൃത്തികളും നടന്നു വരുന്നു.<br><br>റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ചേരാനല്ലൂർ പഞ്ചായത്തിൽ 10 ലക്ഷം തുക വരുന്ന ഒരു പ്രവൃത്തിയും, ഇടയക്കുന്നം പാലത്തിന്റെ വലതുഭാഗത്ത് 5.90 ലക്ഷം രൂപയുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തിയും നടക്കുന്നുണ്ട്. കൂടാതെ ജിഡയുടെ ഫണ്ട് ഉപയോഗിച്ച് 10.05 ലക്ഷം രൂപയുടെ ഒരു തീരസംരക്ഷണ പ്രവൃത്തി താന്തോണി തുരുത്തിലും, എസ്.ഡബ്ല്യൂ.ടി.സി യുടെ ഫണ്ട് ഉപയോഗിച്ച് എറണാകുളം അന്തർദ്ദേശീയ ബോട്ടുജെട്ടിയുടെ പരിസരത്ത് 13 ലക്ഷം അടങ്കൽ |

തുക വരുന്ന ഫ്യൂവലിംഗ് ജെട്ടിയുടെ നിർമ്മാണവും നടക്കുന്നു.

**കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ** എറണാകുളം നിയോജകമണ്ഡലത്തി ന് പ്രയോജനം ലഭിക്കുന്ന ആലുവ ഹെഡ് വർക്സിൽ സ്ഥാപിക്കുന്ന 110 കെ.വി സബ്സ്റ്റേഷന്റെ പണികളും കൊച്ചി കോർപ്പറേഷന്റെ എ.ഡി.ബി (കെ.എസ്.യു.ഡി.പി) പദ്ധതിയുടെ ഭാഗമായി വരുന്ന ആലുവ ഹെഡ് വർക്സിന്റെ പുനരുദ്ധാരണ ജോലി കളും പുരോഗമിക്കുന്നു.

ബി) ഈ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ?

ബി) **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും കീഴിൽ** മേൽപ്പറഞ്ഞ പ്രവൃത്തികളിൽ ഓരുവെള്ളം കയറാ തെയുള്ള ബണ്ടുകളുടെ നിർമ്മാണ ത്തിന്റെ ടെൻണ്ടറിംഗ് നടപടികൾ നടന്നു വരുന്നു. മറ്റു പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ** കൊച്ചി നഗര ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെ ട്ടിട്ടുള്ള 110 കെ.വി സബ്സ്റ്റേഷന്റെ പണികൾ പൂർത്തീകരിച്ചിട്ടില്ല. ഇതിന് വേണ്ടിയുള്ള ഡെപ്പോസിറ്റ് തുക കെ.എസ്.ഇ.ബി-യിൽ അടച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പാസ്സാക്കി. കെ.എസ്.ഇ.ബി പണികൾ ആരംഭിച്ചിട്ടില്ല.

കെ.എസ്.യു.ഡി.പി പദ്ധതി പ്രകാരമുള്ള പുനരുദ്ധാരണ ജോലി കളിൽ കോമ്പൗണ്ട്വാൾ, റീട്ടെയി നിംഗ് വാൾ ഇവ 10%വും എർത്ത് ഫില്ലിംഗ് 90%വും സ്ക്രീനിംഗ് അറേഞ്ച്മെന്റ് 25%വും പൂർത്തിയായി. 4 പ്ലാന്റുകളിലെയും ഫിൽറ്റർ മീഡിയ നീക്കം ചെയ്ത് പുനസ്ഥാപിക്കുന്ന ജോലി, കെമിക്കൽ ഹൗസിന്റെ നിർമ്മാണം, സമ്പ്, പമ്പ് ഹൗസിന്റെ നിർമ്മാണം ഇവ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ